## ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള പോലീസ് ചട്ടങ്ങൾ-2020-നുള്ള ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ചുരുക്കി അവതരിപ്പിക്കുകയാണ്. നമ്മുടെ കേരള പോലീസ് ആക്ടിന്, 2010-ൽ അന്ന് നിലവിലുണ്ടായിരുന്ന ഭരണകക്ഷിയും പ്രതിപക്ഷവുമൊക്കെ യോജിച്ചതിന് കാരണം ഈയൊരു നിയമം നാട്ടിലെ സാധാരണക്കാരുമായും പോലീസ് സേനയുമായി ബന്ധപ്പെട്ട് വളരെ അനിവാര്യമായതുകൊണ്ടും ഒരുപാട് പഴക്കമുള്ള നിയമമാകയാൽ കാലാനുസൃതമായ പരിഷ്കാരത്തിനുവേണ്ടിയുമാണ്. അന്ന് ഒരു നിയമസഭാ കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റി കേരളാ പോലീസ് ആക്ടിന് വളരെ വലിയതോതിലുള്ള ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. ഭേദഗതികൾ നിർദ്ദേശിച്ച് പോലീസ് ആക്ട് നിലവിൽവന്നു. ഏതൊരു ആക്ടും നിലവിൽവന്നാൽ ആ ആക്ട് പ്രാവർത്തികമാകണമെങ്കിൽ അതിന്റെ ചട്ടങ്ങൾകൂടി വരണം. കഴിഞ്ഞ നിയമസഭകളിലൊക്കെ പോലീസ് ആക്ടിന് ചട്ടങ്ങൾ വയ്ക്കണമെന്നാവശ്യപ്പെട്ട് പല സന്ദർഭങ്ങളിലും ക്രമപ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പക്ഷേ പോലീസ് ആക്ടിന് ഇതുവരെ ചട്ടങ്ങളുണ്ടായിരുന്നില്ല. 01/06-2021-നാണ് കേരള പോലീസ് ആക്ടിനുള്ള ചട്ടങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മേശപ്പുറത്തുവച്ച് സഭയിൽ അവതരിപ്പിച്ചത്. ഇവിടെ സൂചിപ്പിച്ചപോലെ SRO No. 275/2020 ആയിരുന്നു. എല്ലാത്തിനും ഞാൻ ഭേദഗതി പറയുന്നില്ല. കുറെയൊക്കെ സ്വാഗതാർഹമായ നിർദ്ദേശങ്ങളാണ്. നമ്മുടെ പോലീസ് സേനയുടെ കാര്യക്ഷമതയും അതുപോലെ ചെറിയ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയുമൊക്കെയായി ട്രാഫിക് ഒഫൻസുകളുൾപ്പെടെയുള്ള സംഗതികളുമായി കാര്യങ്ങളെല്ലാം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 9-ാം ചട്ടത്തിൽ പറയുന്നത് പോലീസ് അസോസിയേഷനുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. അതിലെ ഭേദഗതികൾ വളരെ സ്വാഗതാർഹവുമാണ്. പോലീസിന് അസോസിയേഷൻ വേണ്ട എന്ന് വ്യക്തിപരമായി അഭിപ്രായമുള്ള ആളാണ് ഞാൻ. മിലിട്ടറി പോലെ, പോലീസിൽ സംഘടനയും സംഘടനാ സ്വാതന്ത്ര്യവുമൊന്നും വേണ്ട. കാലങ്ങളായി പോലീസ് അസോസിയേഷൻ ഉള്ളതാണ്. പക്ഷേ ഈ ഭേദഗതികളൊക്കെ സ്വാഗതാർഹമാണ്.

മി. സ്പീക്കർ: ഭേദഗതി ചുരുക്കി അവതരിപ്പിക്കു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ചുരുക്കി പറയാം. അതിന്റെ ഒരു പൂർത്തീകരണത്തിനുവേണ്ടിയുള്ള ഭേദഗതി മാത്രമേ പറയുന്നുള്ളൂ. 9(1)ൽ പറയുന്നത് 'പോലീസ് അസോസിയേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്' എന്നാണ്. 9(2)-ൽ പറയുന്നത് 'യാതൊരു രാഷ്ട്രീയ

പ്രവർത്തനങ്ങളിലും പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുവാൻ പാടില്ല' എന്നാണ്. ഇത് വളരെ സ്വാഗതാർഹമാണ്. 'പോലീസ് അസോസിയേഷനിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രവർത്തനം ഔദ്യോഗിക കൃത്യ നിർവ്വഹണങ്ങൾക്കും ചുമതലകൾക്കും യാതൊരു തരത്തിലുള്ള വീഴ്ചകളും വരുത്താൻ പാടില്ല' എന്നത് നല്ല കാര്യമാണ്. 'രണ്ട് വർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരു അംഗം ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ പോലീസ് അസോസിയേഷന്റെ ഭാരവാഹിയാകാൻ പാടില്ല' എന്നുള്ളതും നല്ല ഒരു നിർദ്ദേശമാണ്. പിന്നീട് മൂന്ന് വർഷത്തെ ഇടവേളയ്ക്കുശേഷം ഇയാൾക്ക് വേണമെങ്കിൽ ഭാരവാഹിയാകാം എന്നാണ് പറയുന്നത്. 'പോലീസ് അസോസിയേഷന്റെ യാതൊരു ഭാരവാഹിയും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ പത്ര, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളുമായി ആശയവിനിമയം നടത്തുകയോ ഏതെങ്കിലും വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടില്ല' എന്നതാണ്. ഇതെല്ലാം സ്വാഗതാർഹമാണ്.

മി. സ്പീക്കർ: അങ്ങയുടെ ഭേദഗതി അവതരിപ്പിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് സേനാംഗങ്ങളിൽനിന്നും നിർബന്ധിത പണപ്പിരിവ് നടത്താൻ പാടില്ല എന്നതും വളരെ സ്വാഗതാർഹമാണ്. ചെയ്ത കാര്യം നല്ലതാണെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: അത് മുഴുവൻ വായിക്കണമെന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതെല്ലാം നല്ലതാണ്. സ്വകാര്യ വ്യക്തികളിൽനിന്ന് പണം സ്വീകരിക്കാൻ പാടില്ല, പോലീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ നീണ്ടു നിൽക്കാൻ പാടില്ല തുടങ്ങിയ കാര്യങ്ങളും ഏറെ സ്വാഗതാർഹമാണ്. നിലവിൽ പോലീസ് അല്ലാത്ത ആൾ ഇതിന്റെ ഭാരവാഹിയാകാനും പാടില്ല എന്ന് പറയുന്നുണ്ട്. ഒരു ട്രേഡ് യൂണിയൻ സ്വഭാവം വരേണ്ട എന്നുള്ള നിലയ്ക്കാണിത്. അതൊക്കെ സമ്മതിച്ചിട്ട്, ഇങ്ങനെയൊന്ന് സംഭവിച്ചാൽ ഇതിന്റെ ലംഘനത്തിന് എന്ത് കുറ്റമാണ് ഉണ്ടാവുക എന്ന് പറയുന്നില്ല. പോലീസ് അസോസിയേഷന് ഒരു അടുക്കും ചിട്ടയും പെരുമാറ്റവുമൊക്കെ കൊണ്ടുവരാനുള്ള ഇതിലെ ചട്ടം ഒൻപതിലെ ക്ലോസ് 1 മുതൽ 9 വരെയുള്ള നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. ഇതിന് ലംഘനം ഉണ്ടായാൽ എന്ത് വേണമെന്നുകൂടി പത്താമത്തെ ക്ലോസായി പറഞ്ഞില്ലെങ്കിൽ ഈ നിയമനിർമ്മാണം പൂർത്തിയാകില്ല. അതുകൊണ്ട് ഒൻപതാം ചട്ടത്തിൽ ക്ലോസ് 1 മുതൽ 9

വരെയുള്ളവയുടെ ലംഘനമുണ്ടായാൽ സംസ്ഥാന പോലീസ് മേധാവിക്ക് അപ്രകാരം ലംഘനം നടത്തിയവർക്കെതിരെ വകുപ്പ് തലത്തിലുള്ള ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ക്ലോസ് 10 ആയി ഇതിന്റെ കൂടെ അമെന്റ്മെന്റ് ചെയ്ത് കൂട്ടിച്ചേർക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരള പോലീസ് ആക്ട്, 2011-ലെ 114(എ) മുതൽ (ഇ) വരെയുള്ള ഉപശീർഷകത്തിലെ വ്യവസ്ഥകളനുസരിച്ച് തന്നെ പോലീസ് സേനയിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമവ്യവസ്ഥയോ നടപടിക്രമമോ ചട്ടങ്ങളോ റെഗുലേഷനുകളോ ലംഘിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്താൽ ക്രിമിനൽ നിയമ നടപടികൾക്കും വകുപ്പുതല അച്ചടക്ക നടപടി എടുക്കുന്നതിനും കഴിയും. അതിനാൽ നോട്ടീസിൽ പറയുന്ന പ്രകാരമുള്ള ഭേദഗതി ആവശ്യമായി വരുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.